ആർ.സി.എസ് /2297/2020-ജി(3)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം തീയതി. 31/03/2020

**സർക്കുലർ നം. 25/2020**

വിഷയം :- സഹകരണ വകുപ്പ് -- കോവിഡ് 19 --രോഗവ്യാപനം - പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ദിവസവേതനക്കാർ, കളക്ഷൻ ഏജന്റുമാർ എന്നിവർക്ക് പ്രതിമാസ വേതനം നൽകുന്നത് - അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം :- സഹകരണ സംഘം രജിസ്ട്രാറുടെ 30/03/2020-ലെ 24/2020 നമ്പർ സർക്കുലർ.

കോവിഡ് 19 രോഗവ്യാപത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന താൽകാലിക ജീവനക്കാർക്കും, കളക്ഷൻ ഏജന്റുമാർക്കും 2020 മാർച്ച് മാസവും, ലോക്ഡൗൺ കാലയളവിലും വേതനം ഉറപ്പുവരുത്തുന്നതിലേയ്ക്ക് പരാമർശ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു.

ടി സർക്കുലറിലെ നിർദ്ദേശം (2) ചുവടെ പറയും പ്രകാരം ഭേദഗതി വരുത്തുന്നു.

സഹകരണ സംഘങ്ങൾ/ബാങ്കുകൾ കളക്ഷൻ ഏജന്റുമാരായി ജോലിചെയ്യുന്നവർക്ക് 2020 മാർച്ച് മാസ കാലയളവിൽ കമ്മീഷൻ നൽകേണ്ട നടപടികൾ അതാത് സംഘം/ബാങ്ക് ഭരണസമിതികൾ സ്വീകരിക്കേണ്ടതാണ്. 2020 മാർച്ച് മാസത്തെ യഥാർത്ഥ കമ്മീഷൻ 10,000/- രൂപയിൽ കൂടുതൽ ആണെങ്കിൽ ആ തുക കമ്മീഷനായി നൽകേണ്ടതാണ്. 2020 മാർച്ച് മാസത്തെ യഥാർത്ഥ കമ്മീഷൻ തുക 10,000/-രൂപയിൽ കുറവാണെങ്കിൽ 2020 ജനുവരി, ഫെബ്രുവരി മാസത്തെ ശരാശരി ലഭിച്ച കമ്മീഷൻ കണക്കാക്കി പരമാവധി 10,000/-രൂപ വരെ നൽകാവുന്നതുമാണ്.

വ്യവസ്ഥ (2)-ലെ മേൽ ഭേദഗതി ഉൾപ്പെടെ പരാമർശം സർക്കുലർ നിലനിൽക്കുന്നതാണ്.

ഒപ്പ്
അലക്സാണ്ടർ. എ., ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്-

1. സെക്രട്ടറി, സഹകരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി.(ഉപരിപത്രം സഹിതം)
3. ബന്ധപ്പെട്ട അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.
4. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
5. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.
6. എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും
8. മറ്റു ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങൾക്ക്(അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തിരം.

9. സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
10. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
11. എഡിറ്റർ/സഹകരണ വീഥി,
12. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.

// ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.ബി)